DESPATCHED On... 29/06/2020

27/2/20.


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ AP.No. 432(5)/19/SIC
## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം
## File No. 1967/SIC-G7/2019

സന്നിഹിത

ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ചന്ദ്രകാന്ത് വി.,
സിതാര XXX/869 A,
തൈക്കൂടം, വൈറ്റില,
കൊച്ചിൻ – 682 019.
} അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ,
പി. ബി. നം. 1727,
കൊച്ചി – 682 016.

അപ്പീൽ അധികാരി,
കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ,
പി. ബി. നം. 1727,
കൊച്ചി – 682 016.
} എതിർകക്ഷികൾ

### ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 15.10.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 26.11.2018 |
| ഒന്നാം അപ്പീൽ | 13.12.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 11.01.2019 |
| രണ്ടാം അപ്പീൽ | 28.01.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 18.11.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, എറണാകുളം |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

1. 2005 ൽ ശ്രീ. കെ.ബി. കൈലാസനെ ക്ലാസ് 4 ഗ്രേഡ് 2 ആയി കോർപ്പറേഷനിൽ നിയമിച്ച നിയമന ഉത്തരവിന്റെ പകർപ്പുകൾ.

2. കോർപ്പറേഷനിൽ 2005 ൽ ക്ലാസ് 4 ഗ്രേഡ് 2 ആയി നിയമനം ലഭിച്ച ശ്രീ. കെ.ബി കൈലാസൻ തുടക്കം മുതൽ 2007 ൽ കോർപ്പറേഷനിൽ നിന്ന് പിരിച്ചു വിടുന്നത് വരെ ഏതൊക്കെ വേർഹൗസുകളിൽ/റീജിയണൽ ഓഫീസുകളിൽ/കേന്ദ്ര ഓഫീസിൽ ജോലി ചെയ്തിട്ടുണ്ടെന്ന പൂർണ്ണ വിവരങ്ങൾ നൽകണമെന്നും, ടി ഓഫീസുകളിൽ ജോലി ചെയ്ത കാലയളവ് പ്രത്യേകം പ്രത്യേകമായി നൽകണ മെന്നുമാണ്.

3. കോർപ്പറേഷനുകളിൽ ജോലി ചെയ്ത കാലയളവിൽ ശ്രീ. കെ.ബി. കൈലാസൻ കോർപ്പറേഷനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് നമ്പർ തുടങ്ങിയ വിവരങ്ങളും കേസ് തീർപ്പാക്കിയ വിധിയുടെ പകർപ്പുകൾ, എന്നിങ്ങനെ തുടങ്ങി 45 വിവരങ്ങളാണ്.

**2.** പ്രസ്തുത അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടിയിലെ 42, 43, 44 എന്നീ ചോദ്യങ്ങൾക്ക് തൃപ്തികരമാം വിധം വിവരം ലഭ്യമായിട്ടില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് ഒന്നാം അപ്പീൽ സമർപ്പിച്ചു. 42, 43, 44 എന്നീ ചോദ്യങ്ങൾക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടി ശരിയാണെന്ന് ടിയാനെ അറിയിച്ചുകൊണ്ട് ഒന്നാം അപ്പീൽ തീർപ്പാക്കി.

**3.** ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും 42, 43, 44 ചോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി.

**4.** മേൽ പരാമർശിത വിഷയവുമായി ബന്ധപ്പെട്ട് എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, 20.10.2018 ലെ വിവരാവകാശ അപേക്ഷയിലെ 45 ചോദ്യങ്ങൾക്കു ലഭ്യമായ വിവരങ്ങൾ സമയപരിധിക്കുള്ളിൽ നൽകിയിട്ടുണ്ട് എന്നും ടിയാൻ ആവശ്യപ്പെട്ട 42, 43, 44 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി മറ്റൊരാളുടെ വ്യക്തിപരമായ വിവരങ്ങൾ ആയതിനാലും ഒരു വനിതാ ജീവനക്കാരി മറ്റൊരു ജീവനക്കാരന് എതിരായി നൽകിയ പരാതി സംബന്ധിച്ചായതിനാലും മേപ്പടി ചോദ്യങ്ങളുടെ വിവരങ്ങൾക്ക് പൊതു താൽപ്പര്യം ഇല്ലാത്തതിനാലും വിവരാവകാശ നിയമം 8(1) (ജെ) പ്രകാരം നൽകിയിരുന്നില്ല എന്നും ടിയാന്റെ 45 –ാമതു ചോദ്യവുമായി ബന്ധപ്പെട്ട ഉത്തരവ് ഇറങ്ങുന്നതിന് മുമ്പ് തന്നെ മേൽ ജീവനക്കാരനെ പിരിച്ചുവിട്ടിരുന്നു എന്നുമാണ്.

5. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിച്ചതിൽ നിന്നും ടിയാന്റെ മേപ്പടി വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമാക്കാവുന്ന വിവരങ്ങളും പകർപ്പുകളം പൂർണ്ണമായും ടിയാന് ലഭ്യമായിട്ടുണ്ട് എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. ടിയാൻ സമർപ്പിച്ച രണ്ടാം അപ്പീലിൽ മേപ്പടി അപേക്ഷയിലെ 42, 43, 44 ചോദ്യങ്ങൾക്ക് തൃപ്തികരമാം വിധം വിവരം/പകർപ്പ് ലഭ്യമാക്കണം എന്നാണ്. എന്നാൽ ടിയാൻ ആവശ്യപ്പെടുന്ന പ്രസ്തുത വിവരങ്ങൾ മൂന്നാം കക്ഷി വിവരവുമായി ബന്ധപ്പെട്ടതായതിനാലും ആയതിൽ ഒരു പൊതുതാൽപ്പര്യവും ഇല്ല എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടതിനാലും പ്രസ്തുത വിവരങ്ങൾ ടിയാന് നൽകേണ്ടതില്ല എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ ഒന്നാം എതിർകക്ഷി നൽകിയ മൊഴിയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിന്മേലുള്ള മറ്റ് നടപടികൾ അവസാനിപ്പിച്ച് ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ഫെബ്രുവരി മാസം 27 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

RIGHT TO INFORMAT